നമ്പർ : 7031/ ഡി2-എസ്റ്റാ/എൻ.സി.സി/2018 21 ആഗസ്റ്റ് 2018

## സർക്കുലർ

**കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മഴക്കെടുതിയുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്**

സൂചന : ഉന്നതവിദ്യാഭ്യാസ (കെ)വകുപ്പിന്റെ 21.08.2018-ലെ കെ 1/266/2018/ഉ.വി.വ) നമ്പർ കത്ത്.

1. കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മഴക്കെടുതിയെ തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി എൻ.സി.സി വകുപ്പിലെ എല്ലാ ഹെവി ഡ്യൂട്ടി വാഹനങ്ങളും (ട്രക്ക് /ക്യാന്റർ) ഡ്യൂട്ടിക്കായി ആവശ്യപ്പെടുമ്പോൾ ഡ്രൈവറും ഒരു സഹായിയും ഉൾപ്പെടെ തയ്യാറായിരിക്കണമെന്ന് അതാത് കമാൻഡിംഗ് ഓഫീസർമാർ/ മാനേജർ/ ജൂനിയർ സൂപ്രണ്ട് /ഹെഡ് ക്ളാർക്ക് എന്നിവർ ഉറപ്പു വരുത്തേണ്ടതാണ്.

2. ഡ്രൈവർമാർക്ക് ഡ്യൂട്ടി ചേയ്ഞ്ച് ചെയ്ത് നൽകേണ്ടതാണ് .

3. എല്ലാ മാനേജർമാരേയും ദുരന്ത നിവാരണ കമ്മിറ്റിയുടെ നോഡൽ ഓഫീസർമാരായി നിയമിച്ചിരിക്കുന്നു.

4. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എൻ.സി.സി ഡയറക്ടറേറ്റിൽ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെയും എസ്റ്റാബ്ളിഷ്മെന്റ് സീനിയർ സൂപ്രണ്ടിനെയും ചുമതലപ്പെടുത്തിയിരിക്കുന്നു.

5. ഇതുമായി ബന്ധപ്പെട്ട് ജില്ലാഭരണകൂടമോ സർക്കാരോ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് നോഡൽ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

എൻ.സി.സി ഡയറക്ടറേറ്റ് (കെ&എൽ)
സംസ്ഥാന വിഭാഗം
വഴുതക്കാട്, തിരുവനന്തപുരം

(എസ്.എൽ ജോഷി)
ബ്രിഗേഡിയർ
ഒഫിഷ്യേറ്റിംഗ് അഡീഷണൽ
ഡയറക്ടർ ജനറൽ എൻ.സി.സി